ന്യൂനപക്ഷ പ്രദേശങ്ങളിലെ ഐ.ടി.ഐ.കളിലെ അദ്ധ്യയന ഭാഷ

80 (1043) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ഉർദു മീഡിയത്തിൽ ഏതാനും ഐ.ടി.ഐ.കൾ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കാൻ 2006-ൽ കേന്ദ്രം സംസ്ഥാന സർക്കാരിനോടാവശ്യപ്പെട്ടിരുന്നോ ;

(ബി) എന്നാൽ കേരളത്തിൽ ഉർദു അദ്ധ്യയന ഭാഷ അല്ലാത്തതിനാൽ ഇംഗ്ലീഷ്/മലയാളം മാധ്യമങ്ങളിൽ ഐ.ടി.ഐ.കൾ ആരംഭിക്കുന്നതിന് അംഗീകാരം നൽകണമെന്ന് സംസ്ഥാനം കേന്ദ്രത്തോടാവശ്യപ്പെടുകയുണ്ടായോ ;

(സി) ഇക്കാര്യം സൂചിപ്പിച്ച് സംസ്ഥാന സർക്കാർ 1-7-2009-ന് കേന്ദ്ര തൊഴിൽ മന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായോ ;

(ഡി) മറുപടിയായി സംസ്ഥാന സർക്കാരിന് സ്വീകാര്യമായ മാധ്യമത്തിൽ സർക്കാരിന്റെ തന്നെ നിയന്ത്രണത്തിൽ ഐ.ടി.ഐ. ആരംഭിക്കുന്നതിന് കേന്ദ്രം അനുമതി നൽകുകയുണ്ടായോ ;

(ഇ) ഇതിനായി സംസ്ഥാന എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് ഡയറക്ടർ തയ്യാറാക്കിയ പ്രൊപ്പോസൽ പ്ലാനിംഗ് കമ്മീഷന് സമർപ്പിക്കാൻ കേന്ദ്രം സംസ്ഥാനത്തോട് നിർദ്ദേശിച്ചിരുന്നോ : എങ്കിൽ എന്ന് ;

(എഫ്) കേന്ദ്ര തൊഴിൽ മന്ത്രാലയം ആവശ്യമായ എല്ലാ പിന്തുണയും ഇക്കാര്യത്തിൽ നൽകുമെന്ന് സംസ്ഥാനത്തിന് ഉറപ്പ് നൽകിയിരുന്നോ ;

(ജി) എങ്കിൽ ഇക്കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; ഐടിഐ-കൾ കേന്ദ്ര സഹായത്തോടെ ആരംഭിക്കാനാകുമോ ; ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ജി) മുസ്ലീം ന്യൂനപക്ഷത്തിന്റെ ഉന്നമനം ലക്ഷ്യമിട്ട് മുസ്ലീം കേന്ദ്രീകൃത പ്രദേശങ്ങളിൽ ഐടിഐ-കൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി പ്ലാനിംഗ് കമ്മീഷന്റെ അനുമതിക്കായി സമർപ്പിക്കാൻ 2005 ഫെബ്രുവരി 10-ാം തീയതി ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് സംസ്ഥാന ട്രെയിനിംഗ് ഡയറക്ടർക്ക് കത്തയച്ചിരുന്നുവെങ്കിലും അതിന്മേൽ 2006 മേയ് മാസം വരെ അധികാരത്തിലിരുന്ന ഗവൺമെന്റ് ഒരു നടപടിയും സ്വീകരിച്ചിരുന്നില്ല. തുടർന്ന് മുസ്ലീം ജനവിഭാഗത്തിന്റെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി ഉറുദു മാധ്യമമായി ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പ്ലാനിംഗ് കമ്മീഷന്റെ അനുമതിക്കായി സമർപ്പിക്കുന്നതിന് 2006 ഡിസംബർ മാസം കത്ത് ലഭിക്കുകയുണ്ടായി. എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഇതിനായി തുകയൊന്നും വകയിരുത്തിയിരുന്നില്ല. സംസ്ഥാന സർക്കാർ ഇതിന്മേൽ നടപടികൾ ആരംഭിച്ചു. ഉറുദു കേരളത്തിൽ അദ്ധ്യയന മാധ്യമമായി സ്വീകരിച്ചിട്ടില്ലാത്തതുകൊണ്ട് മുസ്ലീം ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ ഇംഗ്ലീഷ്/മലയാളം മാധ്യമങ്ങളിൽ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനുള്ള അംഗീകാരം നൽകണമെന്ന് കേന്ദ്രത്തോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുകയുണ്ടായി. അതേ സമയം ഓരോ ഐ.ടി.ഐ.-ക്കും ആവശ്യമായ 10 ഏക്കർ സ്ഥലം കണ്ടെത്തുന്നതിനുവേണ്ടി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചുകൂട്ടുകയുണ്ടായി. ജനസാന്ദ്രത ഏറെയുള്ള കേരളത്തിൽ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിന് 10 ഏക്കർ വീതം സ്ഥലം വേണമെന്ന നിബന്ധന ഇളവു ചെയ്യണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

പുതിയ കേന്ദ്ര ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 1-7-2009-ൽ കേന്ദ്ര തൊഴിൽ മന്ത്രിക്ക് സംസ്ഥാന സർക്കാർ കത്തയയ്ക്കുകയും അതിന് അദ്ദേഹം 21-10-2009-ന് മറുപടി നൽകുകയും ചെയ്തു. സംസ്ഥാനത്തിന് സ്വീകാര്യമായ മാധ്യമത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ ഐ.ടി.ഐ.-കൾ ആരംഭിക്കാവുന്നതാണെന്ന് അദ്ദേഹം മറുപടി നൽകി. അതേ സമയം ഇതിനായി തുകയൊന്നും വകയിരുത്തിയിരുന്നില്ല. പുതിയ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സാമ്പത്തിക സഹായത്തിനായി പ്ലാനിംഗ് കമ്മീഷന് സമർപ്പിക്കാവുന്നതാണെന്നും കേന്ദ്ര തൊഴിൽ മന്ത്രാലയം ഇക്കാര്യത്തിൽ ആവശ്യമായ പിന്തുണ നൽകാമെന്നും കേന്ദ്ര തൊഴിൽ മന്ത്രി കേരള സർക്കാരിന് അയച്ച മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശപ്രകാരം ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിനുള്ള 68.90 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര പ്ലാനിംഗ് കമ്മീഷനിൽ സംസ്ഥാന ട്രെയിനിംഗ് ഡയറക്ടർ 21-4-2010-ൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ മറുപടിയൊന്നും ലഭിച്ചിട്ടില്ല. തുടർന്നു നടന്ന സംസ്ഥാനത്തു നിന്നുള്ള എം.പി.-മാരുടെ കോൺഫറൻസിൽ ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്ന കാര്യം ഉൾപ്പെടുത്തുകയും പ്രസ്തുത പ്രൊപ്പോസലിന് അനുമതി നൽകാൻ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ ഐ.ടി.ഐ.-കൾ ആരംഭിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 2011-12 ബഡ്ജറ്റ് പ്രകാരം 10 ഐ.ടി.ഐ.-കൾ പ്രഖ്യാപിച്ചതടക്കം 48 ഐ.ടി.ഐ. അനുവദിച്ചിട്ടുണ്ട്.

മാള ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണം

81 (1044) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള ഗവൺമെന്റ് ഐ.ടി.ഐ.-യിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണം ഏതുവരെയായിയെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കി അതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?